പരിശോധിച്ച് അനുയോജ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കു ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളിലൂടെ നൽകുകയുണ്ടായിട്ടുണ്ട്. അതുപോലെ സർക്കാരും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും തമ്മിലുള്ള കരാറിന് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. സർക്കാരിന് ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

വയനാട് ജില്ലയിൽ മോഡൽ കോളേജ്

74 (3825) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മോഡൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) മോഡൽ കോളേജ് ജില്ലയിൽ എവിടെ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) ഇന്നത്തെ നിലയ്ക്ക് കോളേജിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് അനുമതിയൊന്നും ലഭിച്ചിട്ടില്ല.

(സി) മോഡൽ കോളേജ് വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) മോഡൽ കോളേജ് സ്ഥാപിക്കുവാനാവശ്യമായ അനുയോജ്യമായ സ്ഥലം വയനാട് ജില്ലയിൽ ആദ്യമായി ലഭ്യമാക്കാൻ സന്നദ്ധമായത് മീനങ്ങാടി ഗ്രാമപഞ്ചായത്താണ്. ആയതിനാലാണ് പ്രസ്തുത കോളേജ് ടി പഞ്ചായത്തിൽ സ്ഥാപിക്കാനായി തെരഞ്ഞെടുത്തത്.

(ഇ) യു.ജി.സി.യിൽ നിന്ന് ഇതുസംബന്ധിച്ച് അനുമതി ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

നോൺ ടീച്ചിംഗ് സ്റ്റാഫിന് നിയമന അംഗീകാരം നൽകാൻ നടപടി

75 (3826) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ 1998-ൽ പുതിയതായി അനുവദിച്ച കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതോടൊപ്പം പ്രസ്തുത കോഴ്സുകളോട് അനുബന്ധിച്ച് നിയമനം നൽകിയ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കൂടി നിയമനം അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനങ്ങൾക്ക് അംഗീകാരം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ&ബി) വ്യവസ്ഥകൾക്ക് വിധേയമായി 1998-ൽ ആരംഭിച്ച കോഴ്സുകൾ കണക്കിലെടുത്ത് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം അംഗീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

2010-11-ൽ സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ

76 (3829) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ൽ സ്വാശ്രയ കോളേജുകളിൽ, എൻട്രൻസ് യോഗ്യതാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ -എഞ്ചിനീയറിംഗ്-ദന്തൽ ആയുർവേദ മേഖലകളിൽ എത്ര വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) സർക്കാർ നിശ്ചയിച്ച ഫീസനുസരിച്ചാണോ ഇത്രയും കുട്ടികൾക്ക് പ്രവേശനം ലഭിച്ചിട്ടുള്ളത് ;

(സി) സ്വാശ്രയ കോളേജുകളിലെ മെറിറ്റടിസ്ഥാനത്തിൽ ഉള്ള സീറ്റുകൾ ഒഴികെയുള്ള എത്ര ശതമാനം സീറ്റുകളാണ് മാറ്റിവച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത സീറ്റുകൾക്ക് മേൽവിവരിച്ച കോഴ്സുകളിലേക്ക് യഥാ ക്രമം എത്ര രൂപ വീതം, മാനേജ്മെന്റ് ഈടാക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ൽ എൻട്രൻസ് യോഗ്യതാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മൂന്നാംഘട്ട അലോട്ട്മെന്റ് പ്രകാരം (11-7-2010-ൽ) 15317 സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(ബി) അതെ

(സി) 50% സർക്കാർ സീറ്റുകൾ മെറിറ്റ് സീറ്റായും ബാക്കിയുള്ളതിൽ 35% മാനേജ്മെന്റ് സീറ്റും 15% എൻ.ആർ.ഐ. സീറ്റുകളായും മാറ്റിവച്ചിട്ടുണ്ട്. മൈനോറിറ്റി സ്റ്റാറ്റസുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിൽ എഞ്ചിനീയറിംഗിലെ 50 ശതമാനം സർക്കാർ സീറ്റിലെ 20 ശതമാനം സീറ്റുകൾ അതാത് കമ്മ്യൂണിറ്റിയിൽപ്പെട്ടവർക്കായി മാറ്റിവെച്ചിട്ടുണ്ട്. മെഡിക്കൽ മേഖലയിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 50% സർക്കാർ സീറ്റിൽ ഇത് 30 ശതമാനമാണ്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly